# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.പി.കെ.ഡി.പി19-1512/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 23/10/2025
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി.പി19-1512/25 തീയ്യതി: 23/10/2025

## പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-12-2024 മുതൽ 20-08-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.പി | ഡെപ്യൂട്ടി ഡയറക്ടർ | 21-08-2025 | 30-08-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-08-2025 | 30-08-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. രാജൻ.കെ - ഓഡിറ്റ് ഓഫീസർ
ശ്രീമതി.ബീന.എം.വി - സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഷീജ.വി.ആർ - സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഷാജിനിസ.എൻ.എ - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശിവദാസ്.പി.എസ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി.ബീന.എം.എസ് | സെക്രട്ടറി | 01-04-2024 | 03-11-2024 |
| ശ്രീ.ഹരിദാസ്.പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-11-2024 | 30-11-2024 |

| | | | |
|---|---|---|---|
| (അസി.സെക്രട്ടറി) | | | |
| ശ്രീമതി.ബീന.എം.എസ് | സെക്രട്ടറി | 01-12-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുധ.എസ്. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 12-01-2025 |
| ശ്രീമതി.ഷമിത.പി. | അസിസ്റ്റന്റ് എഞ്ചിനിയർ | 13-01-2025 | 31-03-2025 |
| ശ്രീമതി.രാധ.എൽ. | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2024 | 10-04-2024 |
| ശ്രീമതി.കനകവല്ലി | ഐസിഡിഎസ് സൂപ്പർവൈസർ | 11-04-2024 | 31-03-2025 |
| ഡോ.ഷാനിബ.വി.പി. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ.ബാബു.എം.പി. | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ.ബിനു എം.ചാന്ദിനി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 01-04-2024 | 31-03-2025 |
| ശ്രീമതി.സോണിയ.എം. | വി.ഇ.ഒ. സർക്കിൾ-1 | 01-04-2024 | 30-12-2024 |
| ശ്രീ.സുമേഷ്.എം. | വി.ഇ.ഒ. സർക്കിൾ-1(ചാർജ്) | 31-12-2024 | 31-03-2025 |
| ശ്രീ.സുമേഷ്.എം. | വി.ഇ.ഒ. സർക്കിൾ-2 | 01-04-2024 | 31-03-2025 |
| ശ്രീ.ഉണ്ണിറാം | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.സുദർശനൻ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ശ്രുതി.കെ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 28-04-2024 |
| ശ്രീമതി.അമല ജിജി | ഫിഷറീസ് ഓഫീസർ | 29-04-2024 | 03-09-2024 |
| ശ്രീമതി.ശ്രുതി.കെ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 04-09-2024 | 25-11-2024 |
| ശ്രീ.രാമനാരായണൻ.ആർ | ഫിഷറീസ് ഓഫീസർ | 26-11-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ബജറ്റ് | 1-2 |
| 5 | സാമ്പത്തിക വിശകലനം | 1-3 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 9 | ക്ഷേമപദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നില്ല | 1-11 |
| 14 | തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ. | 1-12-1 |
| 15 | ഓഡിറ്റ് പരാമർശത്തെ തുടർന്ന് തൊഴിൽ നികുതി 4130 രൂപ അടവാക്കി | 1-12 |
| 16 | ലൈസൻസ്-അപാകങ്ങൾ | 1-13 |
| 17 | ഭരണ സമിതി യോഗങ്ങളുടെ മിനുട്സ് അംഗീകരിക്കുന്നതിൽ കാലതാമസം | 1-14 |
| 18 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - പദ്ധതി നിർവ്വഹണത്തിൽ അപാകം | 1-15 |
| 19 | തെക്കേകാട് അംഗൻ വാടി നിർമ്മാണം - തുക വിനിയോഗിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്. | 1-16 |
| 20 | പഞ്ചായത്ത് വാഹനം - വിശദാംശങ്ങൾ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-17 |
| 21 | പഠന മുറി - പൂർത്തീകരിച്ചില്ല | 1-18 |
| 22 | മേൽപ്പുര റിപ്പയർ - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-19 |
| 23 | ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-20 |
| 24 | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് മുഴുവനും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയില്ല | 1-21 |
| 25 | അങ്കണവാടിയിലേക്ക് വാട്ടർ പ്യൂരിഫയർ വാങ്ങിയത് പ്രവർത്തനക്ഷമമാക്കാതെ സൂക്ഷിച്ചിരിക്കുന്നു. | 1-22 |
| 26 | നിക്ഷേപ പ്രവൃത്തികൾ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-23 |
| 27 | മരാമത്ത് പ്രവൃത്തികൾ - പൊതു അവലോകനം | 1-24 |
| 28 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല | 1-25 |
| 29 | പ്രവർത്തി പൂർത്തീകരണം - സമയം ദീർഘിപ്പിച്ച് നൽകിയതിന് ഫൈൻ ഈടാക്കിയിട്ടില്ല. | 1-26 |
| 30 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫല പ്രാപ്തിയും | 1-27 |
| 31 | എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ഉറപ്പാക്കൽ - 'ജൽജീവൻ മിഷൻ പദ്ധതിയിലൂടെ' - പുരോഗതി വിവരങ്ങൾ | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | മെഡിസെപ് അവലോകനം | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകൾ സംഗ്രഹം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (ഇ) & (എഫ്)

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പട്ടഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 19.06.2025 തീയതിയിലെ 2(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 30.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:പാലക്കാട്

തീയതി:23-10-25

ഡെപ്യൂട്ടി ഡയറക്ടർ

**1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/ Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5132293/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -82149659/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-2 ബജറ്റ്**

സ.ഉ (സാധാ) നം. 3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 175, 214 എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.

09.02.2024 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1/1 പ്രകാരം 2024-25 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 31.01.2025 ലെ തീരുമാനം നം. 1/2 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 17075978 |
| തൻവർഷം വരവ് | 287465300 |
| ആകെ വരവ് | 304541278 |
| ചെലവ് | 287250300 |
| നീക്കിയിരിപ്പ് | 17290978 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 29095465 |
| വരവ് | 49231626 |
| ആകെ | 78327091 |
| ചെലവ് | 44099333 |
| നീക്കിയിരിപ്പ് | 34227758 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 0 | 20565061 | 20565061 | 19664142 | 900919 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 16002939 | 16002939 | 14789835 | 1213104 |
| വികസന ഫണ്ട് -ടി.എസ്.പി | 0 | 942000 | 942000 | 800000 | 142000 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 32867000 | 32867000 | 19620762 | 13246238 |
| മെയ്ന്റനൻസ് ഗ്രാന്റ് -നോൺ റോഡ് | 0 | 1914000 | 1914000 | 1852552 | 61448 |
| CFC ഗ്രാന്റ്-അൺടൈഡ് | 2861361 | 4013271* | 6874632 | 4371754** | 2502878 |
| CFC ഗ്രാന്റ്- | 0 | 450537 | 450537 | 362121 | 88416 |

| | | | | | |
|---|---|---|---|---|---|
| അൺടൈഡ് ട്രഷറി | | | | | |
| CFC ഗ്രാന്റ്-ടൈഡ് | 3520429 | 8290500 | 11810929 | 3267440 | 8543489 |
| CFC ഗ്രാന്റ്-ടൈഡ് ട്രഷറി | 0 | 1641745 | 1641745 | 280360 | 1361385 |
| CFC-Health Grant-Converion Of Rural PHCs And Subcentres Into Health And Wellness Centres | 88340 | 617182 | 705522 | 77642 | 627880 |
| CFC-Health Grant-Diagnostic Infrastruction To PHCs | 941248 | 415789 | 1357037 | 341493 | 1015544 |
| Health Grant Towards Buildgingless Subcentres, PHCs Abd CHC S | 2805500 | 95097 | 2900597 | 683178 | 2217419 |

* (Allotment+Int)
** അൺടൈഡ് ട്രഷറി റവന്യു ചിലവ് ഇതിൽ  ഉൾപ്പെടുന്നു.

**എ) <u>കേന്ദ്രാവിഷ്കൃതം</u>**

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 2408163 | 2691166 | 5099329 | 1499073 | 3600256 |
| സമ്പൂർണ്ണ ശുചിത്വം | 492275 | 0 | 492275 | 0 | 492275 |

**<u>ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി</u>**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 303 | 1643414 | 1643717 | 1643121 | 596 |
| തൊഴിലാളികളുടെ വേതനം | 0 | 39912594 | 39912594 | 39912594 | 0 |
| ആകെ | 303 | 41556008 | 41556311 | 41555715 | 596 |

**<u>സി) സംസ്ഥാനാവിഷ്കൃതം</u>**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വമിഷൻ | 439200 | 0 | 439200 | 0 | 439200 |
| ശുചിത്വമിഷൻ ഗ്രാന്റ് | 270184 | 277362 | 547546 | 277362 | 270184 |

**<u>ഡി) പ്രത്യേകോദ്ദേശ്യ ഗ്രാന്റ്</u>**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൽ.എ ഫണ്ട് | 0 | 572417 | 572417 | *572417 | 0 |

ബസ് വെയിറ്റിംഗ് ഷെഡ് നിർമ്മാണം

**<u>1-5  പദ്ധതി അവലോകനം</u>**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ  നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|

| | | | | | ശതമാനം |
|---|---|---|---|---|---|
| 245 | 171910072 | 182 | 78854764 | 63 | 74.28 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെ ചെലവിന്റേയും, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 15765000 | 8558981 | 54.29 |
| വെറ്ററിനറി സർജൻ | 12 | 8 | 5576600 | 1586080 | 28.44 |
| മെഡിക്കൽ ഓഫീസർ-PHC | 14 | 11 | 3975515 | 1974846 | 49.67 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 1 | 800000 | 600000 | 75 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 100000 | 40000 | 40 |
| വി.ഇ.ഒ | 22 | 22 | 54850198 | 15034263 | 27.40 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 22 | 21 | 8761389 | 5957778 | 68 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 4 | 2940000 | 1773988 | 60.33 |
| സെക്രട്ടറി | 51 | 39 | 18231791 | 13161406 | 72.18 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 114 | 72 | 60909579 | 30167422 | 49.52 |
| ആകെ | 245 | 182 | 171910072 | 78854764 | 45.86 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 303 | 1643414 | 1643717 | 1643121 | 596 |
| തൊഴിലാളികളുടെ വേതനം | 0 | 39912594 | 39912594 | 39912594 | 0 |
| ആകെ | 303 | 41556008 | 41556311 | 41555715 | 596 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 6193800 | 376 |
| 2 | വിധവാ പെൻഷൻ | 19328300 | 1332 |
| 3 | വാർദ്ധക്യകാല പെൻഷൻ | 32933600 | 2421 |
| 4 | വികലാംഗ പെൻഷൻ | 4138700 | 275 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ | 1304000 | 85 |

| | | | |
|---|---|---|---|
| | വനിതകൾക്കുള്ള പെൻഷൻ | | |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 210000 | 7 |

**1-8 ക്യാഷ് പരിശോധന**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.08.2025 തീയതിയിൽ 2.30.P.M. ന് സ്ഥാപനത്തിലെ അക്കൌണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9347/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം**

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

മിനിട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്ററുകൾ, മുൻകൂർ രജിസ്ററർ, നിക്ഷേപ രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ILGMS മുഖേനയുള്ള ചെലവ് അക്കൗണ്ടിംഗിൽ ചെലവിനാധാരമായ രേഖകൾ സോഫ്റ്റ് വെയറിൽ അപലോഡ് ചെയ്യാത്തതിനാൽ കണക്കുകളിൽ അവ്യക്തതയുണ്ട്. പദ്ധതി നിർവഹണത്തിൽ സബ്സിഡി/പദ്ധതി മാർഗ്ഗരേഖ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനുമുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ ചെലവഴിക്കാത്തത് ഫണ്ട് നഷ്ടമാവുന്നതിന് കാരണമായി. മരാമത്ത് പ്രവൃത്തികളിൽ പി.ഡബ്ള്യൂ.ഡി. മാന്വലിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

പൂർത്തിയാക്കിയ പദ്ധതികളുടെ ബില്ലുകൾ സമയബന്ധിതമായി സമർപ്പിച്ചിട്ടില്ല.

പദ്ധതികൾ സ്പിൽ ഓവർ ആയി തുടരുന്നത് അനാവശ്യ കാലതാമസത്തിനു ഇടയാക്കുന്നു. പദ്ധതികൾ ലക്ഷ്യം പൂർത്തീകരിക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് സമിതികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതി ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

7/2018 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2013-14 മുതൽ 2017-18 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങൾ തീർപ്പാക്കുവാനില്ല. പെർഫോമൻസ് ഓഡിറ്റ് 12/2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. തുടർന്ന് പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല.

**1-11 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നില്ല**

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രണ്ട് മൊബൈൽ ടവറുകളുടെ കുടിശ്ശിക വർഷങ്ങളായി ഈടാക്കുന്നില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | അപേക്ഷകൻ/ ഉടമസ്ഥൻ | കുടിശ്ശിക തുക | കുടിശ്ശിക വർഷം |
|---|---|---|---|---|
| 1 | 11/365 | റിലയൻസ് മൊബൈൽ ടവർ | 69018 | 2019-20 മുതൽ 2024-25 വരെ |

| | | | | |
|---|---|---|---|---|
| 2 | 14/147 | എയർസെൽ | 250099 | 2013-14 മുതൽ 2024-25 വരെ |
| | ആകെ | | 319117 | |

പ്രസ്തുത അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.15/27.08.25) മറുപടിയായി മേൽ നമ്പർ മൊബൈൽ ടവറുകളുടെ കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. ക്രമ നം. 2 മൊബൈൽ ടവർ പ്രവർത്തിക്കാത്തതിനാൽ നികുതി ഒഴിവാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. നികുതി ഒഴിവാക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. രണ്ട് മൊബൈൽ ടവറുകളുടെയും നികുതി കുടിശ്ശിക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-12-1 തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ.**

സ.ഉ.(സാധാ) നം 1149/2024/L.S.G.D തീയതി, തിരുവനന്തപുരം, 27-06-24 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾക്ക് 2024 ഒക്ടോബർ 1 മുതൽ(2024 രണ്ടാം അർദ്ധ വർഷം മുതൽ) പ്രാബല്യം ഉണ്ടെന്ന് ഉത്തരവിൽ പറയുന്നുണ്ട്.

| S.I No. | Range Of Half Yearly Income | Current Rate (In Rupee ) | New Rate (In Rupee ) |
|---|---|---|---|
| 1 | Up To Rs 11,999/- | Nil | Nil |
| 2 | Rs 12000 To 17999/- | 120 | 320 |
| 3 | Rs 18000 To 29999/- | 180 | 450 |
| 4 | Rs 30000 To 44999/- | 300 | 600 |
| 5 | Rs 45000 To 99999/- | 450/600/750 | 750 |
| 6 | Rs 100000 To 124999/- | 1000 | 1000 |
| 7 | Rs 125000 Onwards | 1250 | 1250 |

2024-25 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ,റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

**I)താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി രണ്ടാം അർദ്ധ വർഷത്തിൽ പരിഷ്കരിച്ച നിരക്കിൽ ഈടാക്കിയിട്ടില്ല.**

| സ്ഥാപനം/ | ജോലിക്കാരുടെ പേര് | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി | വ്യത്യാസം |
|---|---|---|---|---|
| കള്ള് ഷാപ്പ്, ആറാംപാടം | 1)ഭാരത്<br>2)വിഷ്ണുദാസ് | 600<br>600 | 750<br>750 | 150<br>150 |
| കള്ള് ഷാപ്പ്, നന്ദിയോട് | 1) കലാധരൻ<br>2)മധു | 300<br>300 | 600<br>600 | 300<br>300 |
| റൂറൽക്രെഡിറ്റ് സൊസൈറ്റി, ശാന്തി ജംക്ഷൻ | 1)അർച്ചന<br>2)വിസ്മയ | 320<br>320 | 600<br>600 | 280<br>280 |
| കള്ള് ഷാപ്പ്, ചെമ്മണാംതോട് | 1)ദേവൻ<br>2)സതീഷ് | 300<br>300 | 600<br>600 | 300<br>300 |
| കള്ള് ഷാപ്പ്,ചുള്ളിമട | പ്രവീൺ | 300 | 600 | 300 |
| കള്ള് ഷാപ്പ്,പട്ടഞ്ചേരി | സിജു | 600 | 750 | 150 |
| ആപ്കോസ്,ആറ്റാഞ്ചേരി | ശെൽവദാസ് | 450 | 750 | 300 |

| | | | | |
|---|---|---|---|---|
| ആപ്കോസ്, കൊശവൻകോട് | 1)വസന്ത<br>2)രവീന്ദ്രൻ<br>3)കൃഷ്ണൻകുട്ടി | 600<br>450<br>450 | 750<br>750<br>750 | 150<br>300<br>300 |
| ആകെ | | 5890 | 9450 | 3560 |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.6/23.08.25) കുറവായി ഈടാക്കിയ തൊഴിൽ നികുതി തിരികെ ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന 3560 രൂപ ഭരണ തല നടപടികളിലൂടെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II) പഞ്ചായത്തിലെ താഴെ പറയുന്ന ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഹരിത കർമ്മസേന വെഹിക്കിൾ ഡ്രൈവർ-ജയകൃഷ്ണൻ

ഹരിത കർമ്മസേന വെഹിക്കിൾ ഡ്രൈവറിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

III)24-25 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം കരാറിൽ ഏർപ്പെട്ടിരിക്കുന്ന താഴെ പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ഷമീർ.ബി

2.പ്രഭാകരൻ.കെ

3.വിൽസൺ.ആർ

4.ഹരിദാസ്.കെ

5.ഫൈസൽ അലി.എം

6.അജയൻ.എം

കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

**1-12 ഓഡിറ്റ് പരാമർശത്തെ തുടർന്ന് തൊഴിൽ നികുതി 4130 രൂപ അടവാക്കി**

സ.ഉ.(സാധാ) നം 1149/2024/L.S.G.D തീയതി,തിരുവനന്തപുരം ,27-06-24 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ചിട്ടുണ്ട്.പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾക്ക് 2024 ഒക്ടോബർ 1 മുതൽ(2024 രണ്ടാം അർദ്ധ വർഷം മുതൽ) പ്രാബല്യം ഉണ്ടെന്ന് ഉത്തരവിൽ പറയുന്നുണ്ട്.

| S.I No. | Range Of Half Yearly Income | Current Rate (In Rupee ) | New Rate (In Rupee ) |
|---|---|---|---|
| 1 | Up To Rs 11,999/- | Nil | Nil |
| 2 | Rs 12000 To 17999/- | 120 | 320 |
| 3 | Rs 18000 To 29999/- | 180 | 450 |
| 4 | Rs 30000 To 44999/- | 300 | 600 |
| 5 | Rs 45000 To 99999/- | 450/600/750 | 750 |
| 6 | Rs 100000 To 124999/- | 1000 | 1000 |
| 7 | Rs 125000 Onwards | 1250 | 1250 |

2024-25 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ,റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

**I)താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി രണ്ടാം അർദ്ധ**

**വർഷത്തിൽ പരിഷ്കരിച്ച നിരക്കിൽ ഈടാക്കിയിട്ടില്ല.**

| സ്ഥാപനം/ | ജോലിക്കാരുടെ പേര് | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി | വ്യത്യാസം |
|---|---|---|---|---|
| കരുണ സെൻട്രൽ സ്കൂൾ | 1)സ്മിത.എസ്<br>2)ബിനു.കെ.രാജ്<br>3)ശ്രീലത<br>4)കനിഷ്മ<br>5)ഫസിത<br>6)നിഥില<br>7)ഹസീന<br>8)ഷീന<br>9)അഫ്റിൻ<br>10)റജീന | 600<br>320<br>320<br>320<br>320<br>320<br>320<br>320<br>320<br>320 | 750<br>600<br>600<br>600<br>600<br>600<br>600<br>600<br>600<br>600 | 150<br>280<br>280<br>280<br>280<br>280<br>280<br>280<br>280<br>280 |
| കള്ള് ഷാപ്പ്, അയ്യം വീട്ട് ചള്ള | കുമാരൻ | 300 | 600 | 300 |
| സാക്ഷരത പ്രേരക്, പട്ടഞ്ചേരി ഗ്രാമ പഞ്ചായത്ത് | 1)സന്തോഷ് കുമാർ<br>2)ശെൽവം | 320<br>320 | 600<br>600 | 280<br>280 |
| ആകെ | | 4420 | 7950 | 3530 |

**II)താഴെ പറയുന്ന ജീവനക്കാരനിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.**

1.ജിഷിൻ,പി.ടി.എസ്

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.6/23.08.25) ഇപ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

“പ്രസ്തുത പരാമർശത്തെ തുടർന്ന് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അറിയിക്കുകയും താഴെ പറയുന്ന സ്ഥാപനങ്ങൾ വ്യത്യാസം വന്ന തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

1.കരുണ സെൻട്രൽ സ്കൂൾ-2670 രുപ-R-G091006-25002025 Dtd 27/08/25

2.കള്ള് ഷോപ്പ്,അയ്യംവീട്ടു ചള്ള-300 രുപ-R-G091006-25002018 Dtd 27/08/25

3.സാക്ഷരത പ്രേരക്-സന്തോഷ് കുമാർ-280 രൂപ-R-G091006-25002040 Dtd 29/08/25

4.സാക്ഷരത പ്രേരക്-ശെൽവം-280 രൂപ-R-G091006-25002041 Dtd 27/08/25

II)ഓഡിറ്റ് പരാമർശത്തെ തുടർന്ന് റോഷിൻ 600 രൂപ(R-G091006-25001993 Dtd 26/08/25) അടവാക്കിയിട്ടുണ്ട്.

പ്രസ്തുത മറുപടിയ്ക്കൊപ്പം നൽകിയ രസീതി നമ്പരുകൾ പരിശോധിച്ച് അടവ് വിവരങ്ങൾ കൃത്യമാണെന്ന് ബോധ്യപ്പെട്ടു.

**1-13 ലൈസൻസ്-അപാകങ്ങൾ**

2024-25 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1)ലൈസൻസ് രജിസ്റ്റർ പ്രകാരം 16 വാർഡുകളിലായി 200 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചു നൽകിയിരിക്കുന്നത്.എന്നാൽ ഹരിതമിത്രം സോഫ്റ്റ് വെയർ വഴി പരിശോധിച്ചതിൽ 297 വാണിജ്യ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ ഉണ്ട്. ഇതിൽ നിന്നും സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുവെന്നത് വ്യക്തമാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിൽ പ്രവർത്തിക്കുന്ന ശ്രീ പെട്രോളിയം പെട്രോൾ പമ്പ് ലൈസൻസ് ഫീ ഒടുക്കിയിട്ടുണ്ടെങ്കിലും പമ്പിന് ലൈസൻസ് അനുവദിച്ചിട്ടില്ല. പെട്രോൾ പമ്പുകൾക്ക് 1996 ലെ കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങൾ-പട്ടിക V, VI എന്നിവ പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ്, അഗ്നി ശമനസേനാ എന്നിവയിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.എന്നാൽ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം കഴിഞ്ഞ ആറു വർഷങ്ങളായി ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ പ്രസ്തുത സാക്ഷ്യപത്രം എടുത്തിട്ടുണ്ടോ, ഉണ്ടെങ്കിൽ അവ കാലഹരണപ്പെട്ടിട്ടുണ്ടോ എന്ന വിവരങ്ങൾ വ്യക്തമല്ല.മുൻ വർഷങ്ങളിൽ പ്രസ്തുത അപാകങ്ങൾ പരാമർശിച്ചിട്ടുണ്ടെങ്കിലും നിലവിലും പെട്രോൾ പമ്പിന് ലൈസൻസ് അനുവദിച്ചിട്ടില്ല.ലൈസൻസില്ലാതെ വർഷങ്ങളായി പെട്രോൾ പമ്പ് പ്രവർത്തിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

3)ഹരിതമിത്രം സോഫ്റ്റ് വെയർ പ്രകാരം 14 ആശുപത്രികൾ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ പൂർത്തിയാക്കാത്ത സ്ഥാപനങ്ങളുടെ വിവരം അറിയിക്കേണ്ടതും സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4)ഗൂഗിൾ എർത്ത് സെർച്ച് എൻജിൻ പ്രകാരം പരിശോധിച്ചതിൽ 6ാം വാർഡിലെ ബസ് സ്റ്റാന്റ് കോംപ്ലക്സിൽ Unique എന്ന ജിംനേഷ്യം പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ജിംനേഷ്യത്തിന് നിയമാനുസൃതം വസ്തു നികുതി ചുമത്തുകയോ ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല. 2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (1-13) പ്രസ്തുത വിവരം പരാമർശിച്ചിട്ടുണ്ടെങ്കിലും യാതൊരു നടപടിയും നാളിതു വരെ സ്വീകരിച്ചിട്ടില്ല.

5)31.10.2017 ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ മിക്ക അപേക്ഷകളിലും മൂലധനം രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകളിൽ മൂലധനം രേഖപ്പെടുത്തി വാങ്ങേണ്ടതും അവയുടെ ആധികാരികത പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്തി മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കേണ്ടതുമാണ്.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.9/26.08.25)മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-14 ഭരണ സമിതി യോഗങ്ങളുടെ മിനുട്സ് അംഗീകരിക്കുന്നതിൽ കാലതാമസം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി യോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതി യോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനുട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നു ദിവസത്തിനകം സെക്രട്ടറി മിനുട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനുട്സ് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. മിനുട്സ് തയ്യാറാക്കി അയച്ച ദിവസം തന്നെ പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ട്.

മിനുട്സ് തയ്യാറാക്കുന്നതിലെ കാലതാമസത്തിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| യോഗം ചേർന്ന തീയതി | സെക്രട്ടറി മിനുട്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി |
|---|---|
| 1.1.25 | 18.2.25 |
| 18.1.25 | 1.3.25 |
| 31.1.25 | 3.5.25 |

| | |
|---|---|
| 6.2.25 | 5.3.25 |
| 4.3.25 | 8.4.25 |
| 17.2.25 | 3.5.25 |
| 14.3.25 | 29.7.25 |
| 14.3.25 | 8.4.25 |
| 29.3.25 | 3.5.25 |
| 20.3.25 | 8.5.25 |
| 20.5.25 | 28.7.25 |
| 30.5.25 | 2.7.25 |
| 26.5.25 | 31.7.25 |

ചട്ടപ്രകാരമുള്ള സമയ പരിധിക്കുള്ളിൽ യോഗമിനുട്സ് തയ്യാറാക്കി അംഗീകാരം വാങ്ങാതിരുന്നതിനുള്ള സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/22.8.25) മറുപടി ലഭ്യമാക്കിയിട്ടില്ല. യോഗ മിനുട്സുകൾ സമയ ബന്ധിതമായി തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-15 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - പദ്ധതി നിർവ്വഹണത്തിൽ അപാകം**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 114/25, എസ്സ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് |
| അടങ്കൽ തുക | 756000( വികസനഫണ്ട്-എസ്.സി.പി) |
| ചെലവ് തുക | 722946 |
| ബിൽ നമ്പർ / തിയതി | 33/17.01.25 |

എസ്.സി, വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പഠനനിലവാരം ഉറപ്പുവരുത്തുന്നതിന് 2024 -25 വർഷത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

GeM പോർട്ടൽ മുഖേനയാണ് ലാപ്പ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്. ആയതിന് Legendary Distributors Pvt Ltd . Palakkadഎന്ന സ്ഥാപനത്തിന് തുക കൈമാറിയിട്ടുണ്ട്. ഇൻവോയ്സ് നം - PKD/1500255/2425 തീയതി - 27.12.24 പ്രകാരം ആകെ 21 ലാപ്പ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. ഒരു ലാപ്പ്ടോപിന്റെ വില 34426 രൂപയാണ്(ജി.എസ്.ടി ഉൾപ്പെടെ).

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി

1) സ്വകാര്യ കോളേജുകളിൽ പഠിക്കുന്ന 2 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പേര് | പഠിക്കുന്ന സ്ഥാപനം |
|---|---|
| ശലഭ. എസ് | മരിയൻ കോളേജ്, കൊടുവായൂർ |
| പ്രീതിക . ജി | മരിയൻ കോളേജ്, കൊടുവായൂർ |

പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) **നം.** 115/2022 തീയതി 28.05.22 ഖണ്ഡിക 7.2.7 പ്രകാരം ബിരുദം, ബിരുദാനന്തരബിരുദം, പോളിടെക്നിക്ക് ഡിപ്ലോമ, എഞ്ചിനീയറിംഗ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ കമ്പ്യൂട്ടർ സയൻസ് (ഡിപ്ളോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ, എയ്ഡഡ്, സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാലാ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകാവുന്നതാണ്.

മേൽ പരാമർശിച്ചിട്ടുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനങ്ങളുടെ സാക്ഷ്യപത്രത്തിൽ യൂണിവേഴ്സിറ്റി അഫിലിയേഷൻ ഉള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 8/25.08.25) പ്രസ്തുത കോളേജിന്

2023 വർഷത്തിൽ അഫിലിയേഷൻ ലഭ്യമായിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ലാപ്പ്ടോപ്പ് അനുവദിച്ചത് എന്നും ആയതു സംബന്ധിച്ച സർട്ടിഫിക്കറ്റ് ലഭ്യമാക്കി സമർപ്പിക്കുന്നതാണ് എന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അഫിലിയേഷൻ രേഖകൾ ഹാജരാക്കുന്നതു വരെ 2 ലാപ്പ്ടോപ്പുകളുടെ വില 68852 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർ നടപടി വിവരം അറിയിക്കേണ്ടതും രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

**1-16 തെക്കേകാട് അംഗൻ വാടി നിർമ്മാണം - തുക വിനിയോഗിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 129/25, തെക്കേകാട് അംഗൻ വാടി നിർമ്മാണം - വാർഡ് -11 (സ്പിൽ ഓവർ) |
| അടങ്കൽ തുക | 500000 (വികസനഫണ്ട് - ജനറൽ) |
| ചെലവ് തുക | 500000 |
| ബിൽ നമ്പർ / തിയതി | 6/14.05.25 |

2024-25 വർഷത്തിൽ ജില്ലാ ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾ, എം.ജി.എൻ.ആർ.ഇ.ജി.എസ്, സാമൂഹ്യ നീതി വകുപ്പ് എന്നിവ സംയുക്തമായി നടപ്പിലാക്കുന്ന തെക്കേകാട് അങ്കണവാടിയുടെ നിർമ്മാണത്തിനുള്ള ഗ്രാമ പഞ്ചായത്ത് വിഹിതമായി മേൽ പരാമർശിച്ച തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പഞ്ചാബ് നാഷണൽ ബാങ്കിന്റെ അക്കൗണ്ടിലേക്ക് (നം.4296000100067450) കൈമാറിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ പദ്ധതിയുടെ പൂർത്തീകരണ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ലായെന്ന് കണ്ടു. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-16/29.08.25) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിലേക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും ആയത് ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണ് എന്നും അധികൃതർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായതിന്റെയും മേൽ തുകയുടെ വിനിയോഗ വിവരവും അറിയിക്കേണ്ടതാണ്.

**1-17 പഞ്ചായത്ത് വാഹനം - വിശദാംശങ്ങൾ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 193/25, പഞ്ചായത്ത് ഓഫീസിന് പുതിയ വാഹനം വാങ്ങൽ (സ്പിൽ ഓവർ) |
| അടങ്കൽ തുക | 1300000 ( തനതു ഫണ്ട്) |
| ചെലവ് തുക | 1196235 |
| വൗച്ചർ നമ്പർ / തിയതി | 5141660/09.08.24 – 1021680<br>22400756/18.11.24 - 174555 |

2024- 25 വർഷത്തിൽ മേൽ പരാമർശിച്ച പ്രകാരം തുക ചെലവാക്കി GeM Portal മുഖേന ഗ്രാമപഞ്ചായത്തിലേക്ക് വാഹനം വാങ്ങിയിട്ടുണ്ട്.

ധനകാര്യ (ഐ.ടി - സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 11.11.2019 ലെ 88/2019/ധന നമ്പർ ഉപരിപത്രം പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ / സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന

വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ Www.Veels.Kerala.Gov.In ൽ രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് ധനകാര്യ (ഐ.ടി - സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020 ലെ 59/2020/ധന നമ്പർ ഉപരിപത്രം പ്രകാരം VEELS പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസറെ നിയമിക്കുന്നതിനും, 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ധനകാര്യ (ഐ.ടി - സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 02.11.2021 ലെ 103/2021/ധന ഉപരിപത്രം പ്രകാരം ഇതു സംബന്ധിച്ചുള്ള തുടർനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ വാഹനം Www.Veels.Kerala.Gov.In ൽ രജിസ്റ്റർ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 17/29.08.25) ഗ്രാമ പഞ്ചായത്ത് വാഹനം Veels ൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിയും വാഹനത്തിൽ വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VTS) ഘടിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി.

തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

**1-18 പഠന മുറി - പൂർത്തീകരിച്ചില്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രൊജക്ട് നമ്പർ, പേര് | 123/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (Spill Over) |
| അടങ്കൽ തുക | 175000 (വികസനഫണ്ട് - ജനറൽ) |
| ചെലവ് തുക | 100000 |
| വൗച്ചർ നമ്പർ / തീയതി | 4/14.05.24 – 25000<br>9/14.05.24 – 50000<br>17/06.01.25 - 25000 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിനായി വീടിനോടനുബന്ധിച്ച് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ്. പഠനമുറി നിർമ്മാണത്തിനായി യൂണിറ്റ് കോസ്റ്റ് 200000 രൂപ വീതമാണ് നിശ്ചയിച്ചിട്ടുള്ളത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള വിദ്യാർത്ഥികൾ പദ്ധതി തുകയുടെ വിവിധ ഗഡുക്കൾ കൈപ്പറ്റി പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര്, വിലാസം | നൽകിയ തുക | ബാക്കി നൽകാനുള്ള തുക |
|---|---|---|---|
| 1 | കൃതിക്ക് .കെ. S/O കൃഷ്ണകുമാർ, പാലക്കോട്, വണ്ടിത്താവളം | 175000 | 25000 |
| 2 | മഹേഷ് ചേരിക്കൽ, പട്ടഞ്ചേരി | 175000 | 25000 |

മേൽ ഗുണഭോക്താക്കളുടെ പഠനമുറിയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 17/29.08.25) പ്രവൃത്തി പൂർത്തീകരിച്ചു വരുന്നുവെന്നും വാതിൽ, തറ എന്നിവ പൂർത്തീകരിക്കാനുള്ളത് ഉടനെ പൂർത്തിയാക്കുന്നതാണ് എന്ന് ഗുണഭോക്താക്കൾ അറിയിച്ചിട്ടുണ്ട് എന്നും പൂർത്തീകരിക്കുന്ന മുറക്ക് ബാക്കി തുക അനുവദിക്കുന്നതാണ് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്

**1-19 മേൽപ്പുര റിപ്പയർ - പ്രവൃത്തി പൂർത്തീകരിച്ചില്ല**

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 126/25, മേൽപ്പുര റിപ്പയർ - എസ്.സി.പി<br>(Spill Over) |
| അടങ്കൽ തുക | 450820 (വികസനഫണ്ട് - എസ്.സി.പി) |
| ചെലവ് തുക | 412500 |
| വൗച്ചർ നമ്പർ / തീയതി | 2/14.05.24 –18750<br>5/14.05.24 –93750<br>11/20.07.24 - 187500<br>34/25.03.25 - 75000<br>35/26.03.25 - 37500 |

വി ഇ ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽപ്പറഞ്ഞ പദ്ധതിയിലെ താഴെപ്പറയുന്ന ഗുണഭോക്താവ് മേൽപ്പുര റിപ്പയർ പദ്ധതിക്കുള്ള ധനസഹായമായ 75000 രൂപയിൽ ആദ്യ ഗഡു - 37500 രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും പ്രവൃത്തി നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം | പേര്, മേൽവിലാസം ശാരദ | കൈപ്പറ്റിയതുക |
|---|---|---|
| 1 | വേലായുധൻ S/O മായൻ നെടുമ്പള്ളം | 37500 |

മേൽപ്പുര റിപ്പയർ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും പ്രവൃത്തി പൂർത്തീകരിക്കാൻ സ്വീകരിച്ച തുടർ നടപടികളുടെ വിവരവും അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 19/29.08.25) ഗുണഭോക്താവ് നിലവിൽ ക്യാൻസർ രോഗബാധിതനായതു മൂലമാണ് പ്രവൃത്തി ചെയ്യാൻ വൈകിയതെന്നും ആയത് ഉടനെ പൂർത്തിയാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. പൂർത്തീകരിക്കുന്ന മുറക്ക് ബാക്കി തുക അനുവദിക്കുന്നതാണ് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

**1-20 ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല**

വി ഇ ഒ നടപ്പാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ പുരോഗതി പരിശോധിച്ചു. 2024 -25 വർഷത്തിൽ ഭവന നിർമ്മാണത്തിനായി പുതിയതും സ്പിൽ ഓവറും ഉൾപ്പടെ 6 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം | പ്രൊജക്ട് നമ്പർ, പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 141/25, ലൈഫ് മിഷൻ ഭവനപദ്ധതി - എസ്.സി.പി (സ്പിൽ ഓവർ) | 11700000 (വികസനഫണ്ട് –ജനറൽ - 500000 + സംസ്ഥാനാവിഷ്കൃതം - 2600000 + ബ്ലോക്ക് ഷെയർ -2100000 + ജില്ലാ പഞ്ചായത്ത് ഷെയർ - 2000000 +മറ്റുള്ളവ - 4500000) | 1940000 (വികസനഫണ്ട് –ജനറൽ - 500000 + ബ്ലോക്ക് ഷെയർ - 1440000) |
| 2 | 125/25, ലൈഫ് മിഷൻ ഭവനനിർമ്മാണം - ജനറൽ (സ്പിൽ ഓവർ) | 1080000 (വികസനഫണ്ട് –ജനറൽ - 480000 +സംസ്ഥാനാവിഷ്കൃതം - 400000 + ബ്ലോക്ക് ഷെയർ -200000) | 480000 (വികസനഫണ്ട് –ജനറൽ ) |
| 3 | 142/25, ലൈഫ് മിഷൻ ഭവനനിർമ്മാണം - ജനറൽ (സ്പിൽ ഓവർ) | 3480000 (വികസനഫണ്ട് –ജനറൽ - 480000 +സംസ്ഥാനാവിഷ്കൃതം -1000000 + ബ്ലോക്ക് ഷെയർ - 1000000+ മറ്റുള്ളവ -1000000)<br>. | 480000 (വികസനഫണ്ട് –ജനറൽ ) |
| 4 | 66/25, ലൈഫ് മിഷൻ | 16308335 (വികസനഫണ്ട് –എസ്.സി.പി - 4308335 + | 4280000 (വികസനഫണ്ട് |

| | | | |
|---|---|---|---|
| | ഭവനനിർമ്മാണം - എസ്.സി.പി | സംസ്ഥാനാവിഷ്കൃതം - 2000000+ ബ്ലോക്ക് ഷെയർ- 1000000+ ജില്ലാ പഞ്ചായത്ത് ഷെയർ - 1000000+ മറ്റുള്ളവ- 8000000) | –എസ്.സി.പി ) |
| 5 | 64/25 ലൈഫ് മിഷൻ ഭവനനിർമ്മാണം - ജനറൽ | 9320000 (വികസനഫണ്ട് –ജനറൽ - 2320000- + സംസ്ഥാനാവിഷ്കൃതം - 3000000 + ബ്ലോക്ക് ഷെയർ- 1000000 + ജില്ലാ പഞ്ചായത്ത് ഷെയർ -1000000 + മറ്റുള്ളവ- 2000000) | 1960000 ((വികസനഫണ്ട് –ജനറൽ - 1600000+ ബ്ലോക്ക് ഷെയർ- 40000+ ജില്ലാ പഞ്ചായത്ത് ഷെയർ - 320000) |
| 6 | 67/25 ലൈഫ് മിഷൻ ഭവനനിർമ്മാണം - ടി.എസ്.പി | 2420000 (വികസനഫണ്ട്-ടി.എസ്.പി - 420000+ സംസ്ഥാനാവിഷ്കൃതം - 500000+ ബ്ലോക്ക് ഷെയർ- 1000000 +ജില്ലാ പഞ്ചായത്ത് ഷെയർ- 500000) | 420000 (വികസനഫണ്ട്-ടി.എസ്.പി) |

രേഖകൾ പരിശോധിച്ചതിൽ 2024-25 വർഷത്തിൽ എഗ്രിമെന്റ് വെച്ചവരുടെ ഭവന നിർമ്മാണം പുരോഗമിക്കുന്നതായും മുൻ വർഷത്തിൽ എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കളിൽ ചിലർ ധനസഹായം കൈപ്പറ്റി നാളിതുവരെ ഭവനം പൂർത്തിയാക്കിയിട്ടില്ലാത്തതായും കാണുന്നു. നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | നല്കാനുള്ള തുക |
|---|---|---|---|
| ലൈഫ് മിഷൻ ഭവനനിർമ്മാണം - ജനറൽ | | | |
| 1. | വള്ളി W/O ചാമി, പുളിയിലക്കളം കരിപ്പാലി | 300000 | 100000 |
| 2 | ചെല്ല W/O മണി,വടകര, കരിപ്പാലി | 40000 | 360000 |
| 3 | സാവിത്രി W/O ശിവരാമൻ, പനങ്കാവ് | 40000 | 360000 |
| 4 | വൽസല W/O ചന്ദ്രൻ, പൂളക്കാട് | 300000 | 100000 |
| 5 | വിജയ W/O ആറുച്ചാമി മേലേ മുട്ടുചിറ | 300000 | 100000 |
| 6 | ചെല്ല, തരകൻ ചള്ള | 40000 | 360000 |

മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 22/30.08.25) പ്രവൃത്തി പൂർത്തീകരിച്ചു വരുന്നുവെന്നും വാതിൽ, തറ എന്നിവ പൂർത്തീകരിക്കാനുള്ളത് ഉടനെ പൂർത്തിയാക്കുന്നതാണ് എന്ന് ഗുണഭോക്താക്കൾ അറിയിച്ചിട്ടുണ്ട് എന്നും, പൂർത്തീകരിക്കുന്ന മുറക്ക് ബാക്കി തുക അനുവദിക്കുന്നതാണ് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

**<u>1-21 ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് മുഴുവനും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയില്ല</u>**

12-03-2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012/ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ പഞ്ചായത്ത് ഒടുക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം തെരുവു വിളക്കുകളും മീറ്ററിനു കീഴിൽ ആക്കിയിട്ടുണ്ടെങ്കിലും ഏതാനും തെരുവുവിളക്കുകൾ നിലവിലും മീറ്ററിനു കീഴിൽ അല്ലാതെ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ അവയുടെ വൈദ്യുതി ചാർജ്ജ് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല അടച്ചു വരുന്നത്. ബൽബുകളുടെ

തരം, എണ്ണം, *Burnig Hours* എന്നിവയുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമാണ് ഗ്രാമപഞ്ചായത്ത് അത്തരം ലാമ്പുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്.

താഴെ പറയുന്ന കൺസ്യൂമർ നമ്പറിലുള്ള തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

| കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ | കൺസ്യൂമർ നം. |
|---|---|
| തത്തമംഗലം | 1165042000269 |
| വണ്ടിത്താവളം | 1168096012904 |
| വടവന്നൂർ | 1168106011460 |

മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താതിരുന്നാൽ പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകൾക്കും വൈദ്യുതി ചാർജ്ജ് അടവാക്കേണ്ടി വരുന്നതാണ്.

മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം - 21/30.08.25) പ്രസ്തുത കൺസ്യൂമർ നമ്പറുകൾക്ക് മീറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടില്ല എന്നും പദ്ധതി രൂപീകരിച്ച് മീറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തി വിവരം ഓഡിറ്റിന് സമർപ്പിക്കുന്നതാണ് എന്നും അധികൃതർ മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

**1-22 അങ്കണവാടിയിലേക്ക് വാട്ടർ പ്യൂരിഫയർ വാങ്ങിയത് പ്രവർത്തനക്ഷമമാക്കാതെ സൂക്ഷിച്ചിരിക്കുന്നു.**

2024-25 സാമ്പത്തിക വർഷത്തിൽ "അംഗനവാടികളിൽ ആർ ഒ യൂണിറ്റ് സ്ഥാപിക്കൽ" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 119/25 | അങ്കണവാടികളിലേക്ക് വാട്ടർ പ്യൂരിഫയർ വാങ്ങി നൽകൽ - ജനറൽ | 608153/- (വികസനഫണ്ട് ജനറൽ ) | 431460/- |
| ബിൽ നമ്പർ/ തീയതി | 47/10.03.2025 | | |

മേൽ പ്രോജക്ട് പ്രകാരം അംഗനവാടികളിലേക്ക് 27 വാട്ടർ പ്യൂരിഫയർ ജെം മുഖേന (ഇൻവോയ്സ് നമ്പർ: IT/24-25 L734 തീയതി: 20.02.2025) വാങ്ങിയിട്ടുണ്ട്. എന്നാൽ അംഗനവാടികളിൽ വാട്ടർ പ്യൂരിഫയർ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. വാട്ടർ പ്യൂരിഫയർ പ്രവർത്തനക്ഷമമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/26.08.2025) ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിനായി അംഗനവാടികളിൽ വാട്ടർ ടാങ്ക്, പ്ലംബിംഗ് വർക്ക് എന്നിവയുടെ പ്രവൃത്തി ആരംഭിച്ചതായി അറിയിച്ചിട്ടുണ്ട്. വാട്ടർ പ്യൂരിഫൈയർ സ്ഥാപിക്കുന്നതുവരെ ചെലവഴിച്ച തുക 431460/- രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിശദവിവരങ്ങൾ യഥാസമയം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-23 നിക്ഷേപ പ്രവൃത്തികൾ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല**

2024-25 വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന സ്ഥാപനങ്ങളിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തിയുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | ബിൽ/വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 1 | 274/25 , കെ.എസ്.ഇ.ബി പോസ്റ്റ് ഷിഫ്റ്റിങ്ങ് | 29/03.01.25 | 46166 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, തത്തമംഗലം |
| 2 | 273/25, പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിന് തുക നൽകൽ | 22401045//28.01.25 | 120000 | കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, കൽമണ്ഡപം പാലക്കാട് |

കൂടാതെ സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള 14-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 12.2.(5) ഡി.(Ii) പ്രകാരം വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിനുമുൻപ് പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ ചമയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി നിർദ്ദേശം പാലിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം -07/23.08.25) തുക അനുവദിച്ച സ്ഥാപനങ്ങളുമായി കരാറിലേർപ്പെടാൻ വിട്ടുപോയി എന്നും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത കാര്യാലയങ്ങളിൽ നിന്നുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണ് എന്നും അധികൃതർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

വരും വർഷത്തിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

**<u>1-24 മരാമത്ത് പ്രവൃത്തികൾ - പൊതു അവലോകനം</u>**

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 114 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 72 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ₹60909579/- വകയിരുത്തിയതിൽ ₹30167422/- ആണ് ചെലവഴിച്ചിട്ടുള്ളത്. 49.52% ആണ് തൻവർഷത്തെ ആകെ ചെലവ്. ചെലവ് ശതമാനം കുറഞ്ഞത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/26.8.25) മറുപടിയായി 2024-25 വർഷത്തെ പൊതുമരാമത്ത് പ്രവർത്തികളുടെ ഭേദഗതി അംഗീകാരം ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ 2.9.2024 തിയതിയിലാണ് ലഭ്യമായത് എന്നും തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കി 7.2.25 മുതലാണ് എഗ്രിമെന്റ് വെച്ച് പ്രവർത്തികൾ തുടങ്ങിയത്. മാർച്ച് മാസത്തിൽ പ്രവർത്തികൾ പൂർത്തിയാവുന്നത് അസാധ്യമാണെന്നും കൂടാതെ 32 ഓളം സ്പിൽ ഓവർ പ്രവർത്തികളും ചെയ്യേണ്ടി വന്നതിനാൽ ചെലവ് ശതമാനം കുറഞ്ഞു പോയി എന്നും അടുത്ത വർഷം ചെലവ് ശതമാനം വർദ്ധിപ്പിക്കുന്നതിന് പരിശ്രമിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

താഴെ പറയുന്ന സ്പിൽ ഓവർ പ്രവർത്തികൾ നടപ്പിലാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം/ പേര് | അടങ്കൽ തുക |
|---|---|---|
| 1 | 221 – പഞ്ചായത്ത് കളി സ്ഥലം നിർമ്മാണം | 1571424 |
| 2 | 165 - പീലിയോട് എസ്.സി.കോളനി റോഡ് മെയിന്റനൻസ് | 162384 |
| 3 | 152- കോരപ്പള്ളി റോഡ് മെയിന്റനൻസ് | 659508 |
| | | |

| | | |
|---|---|---|
| 4 | 172 – നായ്ക്കൻചള്ള റോഡ് മെയിന്റനൻസ് | 274926 |
| 5 | 216- കന്നിമാരി മാരിയമ്മൻകോവിൽ റോഡ് മെയിന്റനൻസ് | 283009 |
| 6 | 219-നെല്ലിമേട്- കൊച്ചിക്കാട് റോഡ് മെയിന്റനൻസ് | 1056924 |
| 7 | 229- നന്ദിയോട് പട്ടികജാതി വനിതാ ഷോപ്പിംഗ് കോംപ്ലക്സിൽ ടോയ്ലറ്റ് നവീകരണം | 88182 |
| 8 | 184 – റോഡ് കണക്റ്റിവിറ്റി മാപ്പ് | 22840 |

സ്പിൽ ഓവർ പ്രവർത്തികൾ പൂർത്തിയാക്കാത്തതിന് താഴെ പറയുന്ന വിധം മറുപടിയായി അറിയിച്ചിട്ടുണ്ട്. ക്രമ നം.(1) ടി പ്രവർത്തിയുടെ എഗ്രിമെന്റ് വെച്ചിരിക്കുന്നത് 21.3.25 നാണ്. കാലാവധി 30.9.2025 വരെയുണ്ട്. ക്രമ നം.2 – പ്രവർത്തി 16.6.25 ന് പൂർത്തീകരിച്ച് ബില്ല് മാറിയിട്ടുണ്ട്. ക്രമ നം.3 – പ്രവർത്തി 15.5.2025 ന് പൂർത്തീകരിച്ച് ബില്ല് കൈമാറിയിട്ടുണ്ട്. ക്രമ നം.4- ടി പ്രവർത്തിയുടെ കാലാവധി 30.9.2024 വരെയാണ്. പ്രവർത്തി 27.3.25 ൽ പൂർത്തിയാക്കി ബില്ല് കൈമാറിയിട്ടുണ്ട്. ക്രമ നം.5-പ്രവർത്തിയുടെ കാലാവധി 16.12.24 വരെയാണ്. ടി പ്രവർത്തി കരാറുകാരൻ ആരംഭിച്ചിട്ടില്ല. പ്രവർത്തി ആരംഭിക്കാത്തതിന് കരാറുകാരനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്. ക്രമ നം.6- പ്രവർത്തി പൂർത്തിയാക്കിയിട്ടില്ല. നോട്ടീസ് നൽകിയിട്ടുണ്ട്. ക്രമ നം.7- പ്രവർത്തി 27.6.25 ന് പൂർത്തിയാക്കി ബില്ല് കൊടുത്തിട്ടുണ്ട്. ക്രമ നം.8 – പാർട്ട് ബിൽ നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ ആസ്തികൾ ഡിജിറ്റലൈസ് ചെയ്യുന്ന പ്രക്രിയ പുരോഗമിക്കുന്നുണ്ട്. അത് ആവുന്ന മുറക്ക് ബാക്കി പ്രവർത്തികൾ തുടരുന്നതാണ്.
സ്പിൽ ഓവർ പ്രവർത്തികൾ യഥാസമയം പൂർത്തിയാക്കുന്നതിനും കാര്യക്ഷമതയോടെ നിർവഹണം നടത്തുന്നതിനുമുള്ള നടപടികൾ നിർവഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.

**1-25 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല**

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (1) പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കേണ്ടതാണ് എന്നും സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (2) പ്രകാരം അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ്. സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ് എന്നും നിർദേശിച്ചിട്ടുണ്ട്.
ആസ്തികളുടെ ഡിജിറ്റലൈസേഷന് നാളിതുവരെ ചെലവഴിച്ച തുക, ആയത് പ്രകാരമുള്ള ആസ്തികളുടെ അപ്ഡേഷൻ വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. (റോഡുകൾ, കെട്ടിടങ്ങൾ ഉൾപ്പെടെ).

സ.ഉ (ആർ.ടി) നം .166/17/ത.സ്വ.ഭ.വ തീയതി 20.01.2017 പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ നിർദ്ദേശമനുസരിച്ച് പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/26.8.25) മറുപടിയായി റോഡ്, റോഡിതര

ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ട പ്രാഥമിക പ്രവർത്തനമെന്ന നിലക്ക് R-Track എന്ന മൊബൈൽ ആപ്പിലൂടെ ഡിജിറ്റലൈസേഷൻ നടത്തി. റോഡിതര ആസ്തികളുടെ ഡിജിറ്റലൈസേഷൻ പ്രക്രിയ നടന്നു വരുന്നു. 48000/- രൂപ വകയിരുത്തിയതിൽ 25160/- രൂപ ചെലവാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.നിലവിൽ റോഡ്,റോഡിതര ഫണ്ടുകളുടെ വിനിയോഗം ആസ്തി സംരക്ഷണ പദ്ധതിയുടെ അടിസ്ഥാനത്തിലല്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി റോഡ്,റോഡിതര ഫണ്ടുകൾ മുൻഗണനാ ക്രമത്തിൽ വിനിയോഗിക്കേണ്ടതാണ്.

## 1-26 പ്രവർത്തി പൂർത്തീകരണം - സമയം ദീർഘിപ്പിച്ച് നൽകിയതിന് ഫൈൻ ഈടാക്കിയിട്ടില്ല.

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യൂ.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതുമാണ്. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന്ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ )എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു.

(1)

| ക്രമ നം | പ്രവൃത്തിയുടെ വിവരം | 176/25- വിളക്കിനാംകോട് റോഡ് മെയിന്റനൻസ് (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | 439626/- (മെയിന്റനൻസ് ഗ്രാന്റ്-റോഡ്) |
| 2 | PAC- | 338692/- |
| 3 | കരാറുകാരൻ - | ശ്രീ.രാജീവ്.പി.എച്ച് |
| 4 | സാങ്കേതികാനുമതി | 76334/2023 DT. 18.11.23 (കാലാവധി - 9 മാസം) |
| 5 | എഗ്രിമെന്റ് നം.: | 40/24.2.2024 |
| 6 | സൈറ്റ് കൈമാറിയ തിയതി | 5.3.2024 |
| 7 | ബിൽ നം./തുക | 77/25.3.25- 428722/- |
| 8 | പൂർത്തീകരിക്കേണ്ട തീയ്യതി: | 4.12.2024 |
| 9 | പൂർത്തീകരിച്ച തീയ്യതി | 22.3.2025 |
| 10 | ഈടാക്കേണ്ടത് (3%) | 10161/- |
| 11 | ഈടാക്കിയത് | 3649/- |
| 12 | ഈടാക്കാൻ ബാക്കിയുള്ളത് | 6512/- |

(2)

| ക്രമ നം | പ്രവൃത്തിയുടെ വിവരം | 157/25- താമരത്തുകുളമ്പ് |
|---|---|---|

| | | |
|---|---|---|
| | | എസ്.സി.കോളനി റോഡ് മെയിന്റനൻസ് (സ്പിൽ ഓവർ) |
| 1 | അടങ്കൽ - | 307164/- എസ്.സി.പി |
| 2 | PAC- | 236926/- |
| 3 | കരാറുകാരൻ - | ശ്രീ.വിൽസൺ.ആർ. |
| 4 | സാങ്കേതികാനുമതി | 76480/2023 DT. 26.9.23 (കാലാവധി-9 മാസം) |
| 5 | എഗ്രിമെന്റ് നം.: | 14/16.12.2023 |
| 6 | ചെലവ്/ബിൽ നം.തുക | 38/24.2.25 - 284964/- |
| 7 | സൈറ്റ് കൈമാറിയ തിയതി | 24.12.23 |
| 8 | പൂർത്തീകരിക്കേണ്ട തീയ്യതി: | 23.9.2024 |
| 9 | പൂർത്തീകരിച്ച തീയ്യതി | 6.3.2025 |
| 10 | ഈടാക്കേണ്ടത് (3%) | 7108/- |
| 11 | ഈടാക്കിയത് | 2603/- |
| 12 | ഈടാക്കാൻ ബാക്കിയുള്ളത് | 4505/- |

(3)

| ക്രമ നം | പ്രവൃത്തിയുടെ വിവരം | 212/25- പീലിയോട്ട് ആനക്കാട് റോഡ് മെയിന്റനൻസ് (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | 500534/- എം.ജി. റോഡ് |
| 2 | PAC- | 422958/- |
| 3 | കരാറുകാരൻ - | ശ്രീ.പ്രഭാകരൻ.കെ. |
| 4 | സാങ്കേതികാനുമതി | 76692/2023 Dt.19.12.23 (കാലാവധി-9 മാസം) |
| 5 | എഗ്രിമെന്റ് നം.: | 47/28.2.2024 |
| 6 | ചെലവ്/ബിൽ നം.തുക | 51/21.3.25- 500098/- |
| 7 | പൂർത്തീകരിക്കേണ്ട തീയ്യതി: | 27.11.2024 |
| 8 | പൂർത്തീകരിച്ച തീയ്യതി | 6.3.2025 |
| 9 | ഈടാക്കേണ്ടത് (3%) | 12689/- |
| 10 | ഈടാക്കിയത് | 4242/- |
| 11 | ഈടാക്കാൻ ബാക്കിയുള്ളത് | 8447/- |

മതിയായ പിഴ തുകയായ 19464/- (6512+4505+8447) ഈടാക്കാതെ കരാറുകാർക്ക് ഫൈനൽ ബിൽ അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/30.8.25) പിഴ തുക കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കാമെന്ന് മറുപടിയായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നും പിഴ തുക ഈടാക്കി തനത് ഫണ്ടിലടച്ച് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. കരാറുകാർക്ക് ഫൈനൽ ബിൽ അനുവദിക്കുമ്പോൾ നിയമാനുസൃത പിഴ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫല പ്രാപ്തിയും

പതിനഞ്ചാം ധനകാര്യകമ്മീഷന്റെ നിർദ്ദേശപ്രകാരം സംസ്ഥാനങ്ങളുടെ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി 2021-22 സാമ്പത്തിക വർഷം മുതൽ ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നുണ്ട്.

2024- 25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് 4 പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 2 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് | 225/25, ഉപകേന്ദ്രങ്ങളിൽ | 272/25, ആരോഗ്യ |
|---|---|---|

| നമ്പർ, പേര് | ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (സ്പിൽ ഓവർ) | സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്പിൽ ഓവർ) |
|---|---|---|
| അടങ്കൽ | 77642 | 920000 |
| ചെലവ് | 77642 | 341493 |

ഹെൽത്ത് ഗ്രാന്റ് സംബന്ധിച്ച് കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2)FC-XV/FCD/20-25 നമ്പരായി പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളും പുറത്തിറക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ 2022-23 മുതൽ നാളിതുവരെ ലഭ്യമായ സ്കീം 1, 3, 4 ഹെൽത്ത് ഗ്രാന്റിന്റെ വിവരം (വർഷം, ഇനം തിരിച്ചുള്ളത്) ചുവടെ ചേർക്കുന്നു.

സ്കീം 1 (Buildingless Subcenters, PHCs, CHCs)

| വർഷം | മുൻബാക്കി | തൻവർഷം ലഭ്യമായ തുക | പലിശ | ആകെ ചെലവ് | ചെലവ് ശതമാനം | നീക്കിയിരിപ്പ് | |
|---|---|---|---|---|---|---|---|
| 2022-23 | | | | | | | 2025-26 വർഷത്തിലാണ് ബാങ്കിൽ നിന്നും തുക അനുവദിച്ചിട്ടുള്ളത് |
| 2023-24 | 0 | 2775000 | 30500 | 0 | 0 | 2805500 | |
| 2024-25 | 2805500 | 0 | 95097 | 683178 | 25% | 2217419 | |

സ്കീം 3 (Support For Diagnostic Infrastructure To The PHC Facilities)

| വർഷം | മുൻബാക്കി | തൻവർഷം ലഭ്യമായ തുക | പലിശ | ആകെ ചെലവ് | ചെലവ് ശതമാനം | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 2022-23 | 0 | 416615 | 4671 | 153597 | 36% | 267689 |
| 2023-24 | 267689 | 920000 | 16578 | 263019 | 22% | 941248 |
| 2024-25 | 941248 | 384000 | 31789 | 341493 | 25% | 1015544 |

സ്കീം 4 (Conversion Of Rural PHCs And Subcenters Into Health And Wellness Centers)

| വർഷം | മുൻബാക്കി | തൻവർഷം ലഭ്യമായ തുക | പലിശ | ആകെ ചെലവ് | ചെലവ് ശതമാനം | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 2022-23 | 0 | 243846 | 2858 | 83883 | 34% | 162821 |
| 2023-24 | 162821 | 385000 | 7877 | 467358 | 85% | 88340 |
| 2024-25 | 88340 | 613000 | 4182 | 77642 | 12% | 627880 |

വാർഷിക ധനകാര്യ പത്രിക പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ ഹെൽത്ത് ഗ്രാന്റ് നീക്കിയിരുപ്പ് വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | Health Grant | 31.03.25 ൽ ബാലൻസ് നിൽക്കുന്ന തുക |
|---|---|---|
| **1** | Grant For Specific Purposes- Health Grant Towards Support For Diagnostic Infrastructure To The PHCs | 1,015,544 |
| 2 | Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs | 2,217,419 |
| 3 | Grant For Specific Purposes-Grant Towards Conversion Of PHCs And Sub Centre In Health And Wellness Centre | 627,880 |

2. പദ്ധതികളുടെ അവലോകനം

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും പൊതുജനങ്ങൾക്ക് ലാബ് വഴി ലഭ്യമാകുന്ന സേവനങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നൽകുന്നതിന് രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ലാബ് റീ ഏജന്റുകൾ വാങ്ങുന്നതിനും

ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് നടത്തുന്നതിനായും ലാബിലേക്കാവശ്യമായ, രോഗ നിർണ്ണയ ഉപകരണങ്ങൾ, രജിസ്റ്ററുകൾ എന്നിവ വാങ്ങുന്നതിനായുമായി ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ചിട്ടുണ്ട്.

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം-3/21.08.2025) ) താഴെ പറയും പ്രകാരം മറുപടി ലഭ്യമായിട്ടുണ്ട്.

1).Scheme 1,3,4 എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തിൽ തുക വിനിയോഗിച്ചിട്ടുണ്ട്

2).ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. തൻ വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ -271, പട്ടഞ്ചേരി കുടുംബാരോഗ്യ ഉപകേന്ദ്രം നിർമ്മാണം എന്ന പദ്ധതിക്കായി 683178 രൂപ ചെലവാക്കിയിട്ടുണ്ട്. തുക കരാറുകാരന് Credit ചെയ്തത് 2025 ഏപ്രിൽ മാസത്തിലാണ്.

3)Scheme 2 പ്രകാരമുള്ള പദ്ധതികൾ ഏറ്റെടുത്തിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ടുള്ള എല്ലാ പ്രവർത്തനങ്ങളുടെയും നിർവ്വഹണ പുരോഗതി തുടർച്ചയായി ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മറ്റിക്ക് റിപ്പോർട്ട് ചെയ്യേണ്ടതും എല്ലാ പ്രവർത്തനങ്ങളുടെയും നിർവ്വഹണ മോണിറ്ററിങ്ങ് ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മറ്റി നിർവ്വഹിക്കേണ്ടതുമാണ്.

### 1-28 എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ഉറപ്പാക്കൽ - 'ജൽജീവൻ മിഷൻ പദ്ധതിയിലൂടെ' - പുരോഗതി വിവരങ്ങൾ

രാജ്യത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും 2024-ഓടുക്കൂടി കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. കേന്ദ്ര മാർഗ്ഗ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്നാണ്. ഇതിൽ സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം 15 ശതമാനവും ഗുണഭോക്തൃ വിഹിതം 10 ശതമാനവുമാണ്.

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിലെ 'ജൽജീവൻ മിഷൻ' പദ്ധതി നടത്തിപ്പിലെ പുരോഗതി വിവരങ്ങൾ അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/22.08.2025) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ കേരള ജല അതോറിറ്റി മുഖേന നടപ്പിലാക്കുന്ന 'ജൽജീവൻ മിഷൻ' പദ്ധതിയിൽ നാളിതുവരെ 1000 കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട്. 2020-21 വർഷത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതമായ 15 ശതമാനം, ഗുണഭോക്തൃ വിഹിതമായ 10 ശതമാനം എന്നിവ ഉൾപ്പെടെ 1349000/- രൂപ 'ജൽജീവൻ മിഷൻ' പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ തുക വകയിരുത്തിയിട്ടില്ല.
'ജൽജീവൻ മിഷൻ' പദ്ധതിക്കായി എം.പി/എം.എൽ.എ ഫണ്ട് വകയിരുത്തിയിട്ടില്ല. ജലശുചിത്വ സമിതികൾ രൂപീകരിച്ചുവെങ്കിലും യോഗങ്ങൾ നടത്തിയിട്ടില്ല.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് അവലോകനം

സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ് പദ്ധതിയുടെ ഇൻഷുറൻസ് പ്രീമിയം അടവാക്കിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 31.03.2024 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം (2024-25) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 17 | 95000 | 66000 | 0 | - |

2) 01-04-2024 മുതൽ 30-06-2024വരെയുള്ള കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ.

| ജീവനക്കാരുടെ പേര് | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 അല്ലെങ്കിൽ 07/23 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ആർദ്ര എ | 2024 മെയ് | 3500 | 3500 | 0 | കുടിശ്ശിക ഈടാക്കിയിട്ടില്ല. |

ധനകാര്യ(ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിന്റെ 08.08.2024 ലെ 49/2024/ധന നമ്പർ പരിപത്രം, മെഡിസെപ് നോഡൽ സെല്ലിന്റെ 27.08.2024 ലെ 2886165 MEDCN3/82/2024/Fin നമ്പർ കത്ത് എന്നിവ പ്രകാരം ജീവനക്കാരൻ ജോലിയിൽ പ്രവേശിച്ച പോളിസി വർഷങ്ങളിലെ മെഡിസെപ് കുടിശ്ശിക നിർബന്ധമായി ഈടാക്കേണ്ടതാണെന്നും Catastrophic Package ആനുകൂല്യം ആവശ്യമില്ലെന്ന നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം നൽകിയാൽ മാത്രം മുൻ പോളിസി വർഷങ്ങളിലെ മെഡിസെപ് കുടിശ്ശികയിൽ നിന്നും ഒഴിവാക്കുന്നതാണെന്നും സർക്കാർ നിർദ്ദേശമുണ്ട്.പുതിയതായി പ്രവേശിക്കുന്ന ജീവനക്കാരിൽ നിന്നും മെഡിസെപ് പ്രീമിയം ഈടാക്കുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

3) 01-07-2024 മുതൽ 31-07-2024 വരെയുള്ള കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ.

ഇല്ല.

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2024-25 | 21.08.2025 മുതൽ 30.08.2025 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 1992000 | 12/25, നെൽകർഷകർക്ക് ഉഴവുകൂലി | 1992000 | 0 |
| കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 18590 | 143/25, പാലിയേറ്റീവ് പദ്ധതി | 18590 | 0 |
| കൊല്ലങ്കോട് ബ്ലോക്ക് | 2024-25 | 197710 | 6/25, | 197710 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | പാലിയേറ്റീവ് പദ്ധതി | | |
| കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 250000 | 76/25, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 380000 | 206/25, CCTV ക്യാമറ സ്ഥാപിക്കൽ | 154979 | 225021 |
| കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 1440000 | 141/25, ലൈഫ് ഭവന പദ്ധതി | 1440000 | 0 |
| കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 40000 | 64/25, ലൈഫ് ഭവന പദ്ധതി | 40000 | 0 |
| കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 268988 | 134/25, പാലിന് ഇൻസെന്റീവ് | 268988 | 0 |
| **ആകെ ബ്ലോക്ക് പഞ്ചായത്ത്** | 2024-25 | **4587288** | | **4362267** | **225021** |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2024-25 | 3210000 | 12/25, നെൽകർഷകർക്ക് ഉഴവുകൂലി | 3210000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2024-25 | 200000 | 76/25, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2024-25 | 320000 | 64/25, ലൈഫ് ഭവന പദ്ധതി | 320000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2024-25 | 51000 | 136/25, പാലിന് ഇൻസെന്റീവ് | 51000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2024-25 | 100000 | 117/25, പാലിന് ഇൻസെന്റീവ് | 100000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2024-25 | 103000 | 134/25, പാലിന് ഇൻസെന്റീവ് | 103000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2024-25 | 51000 | 120/25, പാലിന് ഇൻസെന്റീവ് | 51000 | 0 |
| **ആകെ ജില്ലാ പഞ്ചായത്ത്** | 2024-25 | **4035000** | | **4035000** | **0** |

## 4-4 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, തത്തമംഗലം | 274/25 , കെ.എസ്.ഇ.ബി പോസ്റ്റ് ഷിഫ്റ്റിങ്ങ് | 29/03.01.2025 | 46166 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, കൽമണ്ഡപം പാലക്കാട് | 273/25, പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിന് തുക നൽകൽ | 22401045//28.01.2025 | 120000 | |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

**4-6 വായ്പ/വായ്പ തിരിച്ചടവ്**

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് - KURDFC വായ്പ | | - | 48249844 | 4052596 | 0 | 44197248 |

**4-7 സ്ഥിരനിക്ഷേപങ്ങൾ**

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്) | മുന്നിരിപ്പ് | തൻവർഷം നിക്ഷേപിച്ചത് | ആകെതുക | നിക്ഷേപിച്ച തിയതി | കാലയളവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,ചിറ്റൂർ | 5000000 | 0 | 5000000 | 30.3.2024 | 4.5.2025 വരെ | എഫ് ഡി നം. 42839905785 |

**4-8 ഓഡിറ്റ് റിക്കവറി**

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 4400/- രൂപയുടെ വിശദാംശം താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2023-24 | എൻക്വയറി നമ്പർ 13 | 4400 | 1240302891/ 16.12.2024 | കോൺട്രാക്ടർ,ടാങ്കർ ലോറി കുടിവെള്ള വിതരണം |
| ആകെ | | 4400 | | |

**4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-4 | 2010-11 | 2.14 | പൊതു അവലോകനം ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം | സമിതി പരിഗണിച്ചിട്ടില്ല. |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 തൊഴിൽ നികുതി | തൊഴിൽ നികുതി അവലോകനം | 30.4.25 ന് സിറ്റിംഗ് കഴിഞ്ഞു |
| 2014-15 | 2-1 | 2016-17 | അനുബന്ധം-3 വസ്തു നികുതി | വസ്തു നികുതി അവലോകനം | 30.4.25 ന് സിറ്റിംഗ് കഴിഞ്ഞു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 തൊഴിൽ നികുതി | തൊഴിൽ നികുതി അവലോകനം | 30.4.25 ന് സിറ്റിംഗ് കഴിഞ്ഞു |

**4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഈ ഇനത്തിൽ തൻവർഷം തുക ഈടാക്കിയിട്ടില്ല.

**4-11 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 78327091 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44099333 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്തിന് ഉണ്ടായ നഷ്ടം | 19464 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 500312 |

**(ബി). ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 19464 | ശ്രീമതി.ഷമിത.പി, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 19464 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 68852 | ശ്രീമതി.ബീന.എം.എസ്, സെക്രട്ടറി |
| 1-22 | 431460 | ശ്രീമതി.കനകവല്ലി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 500312 | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി.കനകവല്ലി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ്.വണ്ടൂർ അഡീഷണൽ, മലപ്പുറം | പയ്യാടി ഹൌസ്,പന്തലൂർ ഹിൽസ് പി.ഒ.പാണ്ടിക്കാട്, മലപ്പുറം-676521 |
| ശ്രീമതി.ഷമിത.പി, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് | കൃഷ്ണപ്രഭ,വടുകൻകുളമ്പ്, കൊഴിഞ്ഞാമ്പാറ-678555 |
| ശ്രീമതി.ബീന.എം.എസ്, സെക്രട്ടറി | സെക്രട്ടറി, പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് | രോഹിത് കോട്ടേജ്, കൈരളി ഗ്രാമം, സ്ട്രീറ്റ് -1, യാക്കര, പാലക്കാട് 678701 |

**4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി9/ 597/99/24-9-1999 | 8 |
| 1997-98 | എൽ.എഫ്.പി12/244/03/ 2-4-2003 | 2 |
| 1998-99 | എൽ.എഫ്.പി12/414/02/ 1-10-2002 | 8 |
| 1999-2000 | എൽ.എഫ്.പി11/1557/09/ 6-9-2010 | 2 |
| 2000- 01 | എൽ.എഫ്.പി11/1247/08/ 19-2-2009 | 7 |
| 2001-02 | എൽ.എഫ്.പി11/1542/09/ 13-4-2010 | 2 |
| 2002-03 | എൽ.എഫ്.പി11/79/09/ 11-2-2009 | 1 |
| 2003-04 | എൽ.എഫ്.പി11/948/08/ 22-10-2009 | 6 |
| 2004-05 | എൽ.എഫ്.പി11/1371/11/ 20-9-2011 | 4 |
| 2005-06 | എൽ.എഫ്.പി19/595/15/ 11-6-15 | 7 |
| 2006-07 | എൽ.എഫ്.പി11/1332/ Spl.Cell/C.Sc/D3/12/1-1-13 | 2 |
| 2007-08 | എൽ.എഫ്.പി11/375/12/ 10.4.12 | 7 |
| 2008-09 | എൽ.എഫ്.പി11/1979/11/ /16-1-12 | 6 |
| 2009-10 & 2010-11 | കെ.എസ്.എ.പി.കെ.ഡി-19/328/16(2)/20.3.17 | 11 |
| 2011-12 | കെ.എസ്.എ.പി.കെ.ഡി-19/481/14/ 3.514 | 11 |
| 2012-13 | കെ.എസ്.എ.പി.കെ.ഡി-19/392(1)/15/ 20.4.17 | 7 |
| 2013-14 & 2014-15 | കെ.എസ്.എ.പി.കെ.ഡി-19/466/16/ 4-4-17 | 12 |
| 2015-2016 | കെ.എസ്.എ.പി.കെ.ഡി-19/119/ 17/8-2-17 | 3 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി-19/1359/ 17/13-8-2017 | 14 |
| 2017-2018 | കെ.എസ്.എ.പി.കെ.ഡി-19/1359/ 17/13-8-2017 | 24 |
| 2018-19 | കെ.എസ്.എ.പി.കെ.ഡി-19-2119/2018/14-11-2018 | 24 |
| 2019-2020 | കെ എസ് എ പി കെ ഡി -19-674/2021/28-6-21 | 24 |
| 2020-21` | കെ എസ് എ പി കെ ഡി-19-1321/21 /3-11-21 | 6 |
| 2021-22 | KSA-PKD.19/1837/22 /29-11-22 | 31 |
| 2022-23 | KSA-PKD.19/1387/23 /13-10-23 | 33 |
| 2023-24 | കെ.എസ്.എ-(പി.കെ.ഡി)പി19/1854/2024 തീയതി.23.02.2024 | 12 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 2/1 dated 19-06-2025 and submitted on 30-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Pattanchery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Pattanchery Grama Panchayat as on 31-03-2025

**Date: 23/10/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Pattanchery Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

1.All schedules prescribed in accounting rules are not included in the annual accounts

2.Cash flow statement does not match the amount

**DEPUTY DIRECTOR**

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure-3
## വാർഷിക കണക്കുകൾ സംഗ്രഹം

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2024 to 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 29013811.00 |
| Cash | Cash | RP-40(a) | 81654.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1055592.00 |
| 140000000 | Fees & User Charges | RP-4 | 5551800.00 |
| 150000000 | Sale & Hire Charges | RP-5 | 456368.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 18089156.00 |
| 171000000 | Interest Earned | RP-9 | 136972.00 |
| 190000000 | Prior Period Income | RP-11 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 19060692.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3998170.00 |
| 460000000 | Loans, Advances and Deposits | RP-49 | 12000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 17260.00 |
| 340000000 | Deposits Received | RP-33 | 207968.00 |
| 350000000 | Other Liabilities | RP-35 | 645648.00 |
| | Grand total | | 78327091.00 |
| | PAYMENTS | | |
| | Operating | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 32920.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5507884.00 |
| 460000000 | Loans, Advances and Deposits | RP-49 | 318250.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 113255.00 |
| 350000000 | Other Liabilities | RP-35 | 38127024.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 34194588.00 |
| Cash | Cash | RP-40(b) | 33170.00 |
| | Grand Total | | 78327091.00 |

(2)

| INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2024 to 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4758352.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 132606.00 |
| 140000000 | Fee & User Charges | I-4 | 5574877.00 |
| 150000000 | Sale & Hire Charges | I-5 | 456368.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 179322280.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 136972.00 |
| 180000000 | Other Income | I-9 | 17260.00 |
| 190000000 | Prior Period Income | I-19 | 282875.00 |
| | Total Income | | 190398715.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 14677141.00 |
| 220000000 | Administrative Expenses | I-11 | 1561882.00 |
| 230000000 | Operations & Maintenance | I-12 | 5708689.00 |
| 240000000 | Interest & Finance Charges | I-13 | 2282.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 11967147.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 34506566.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 7051672.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 39912594.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 64108400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1891761.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |

| | | | |
|---|---|---|---|
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 43779087.00 |
| | Total Expenditure | | 225167221.00 |
| | Gross Surplus / Deficit of income over Expenditure | | -34768506.00 |
| | Gross Surplus / Deficit of income over Expenditure | | -34713580.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -337801.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -54926.00 |

(3)

| BALANCE SHEET as on 31.3.2025 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -19086573.89 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 20966.00 |
| 312000000 | Reserves | B-3 | 137228797.00 |
| | Total Reserve & Surplus | | 118163189.11 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 20419965.00 |
| | Total Grants, Contributions for Specific Purposes | | 20419965.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 44197248.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 44197248.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 878589.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1953359.89 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2831948.89 |
| | TOTAL LIABILITIES | | 185612351.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 4320410.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 163635.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 28505813.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 134730996.00 |
| 416000000 | Accumulated Depreciation | B-11(a) | -76092016.00 |
| | Total Fixed Assets | | 91628838.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 5000000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 5000000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 75750.00 |
| 431000000 | Sundry Debtors (Receivables) | B-15 | 5873741.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 44197248.00 |
| 450000000 | Cash and Bank Balance | B-17 | 34227758.00 |
| 460000000 | Loans, Advances and Deposits | B-18 | 4609016.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 88983513.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 185612351.00 |